പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1926 08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിന്റെ ഭാഗമായി നിലവിൽ കോർപ്പറേഷൻ എടുത്തിട്ടുണ്ടായിരുന്ന കൂടിയ പലിശ നിരക്കിലും കുറഞ്ഞ കാല ദൈർഘ്യവുമുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പകളാക്കി മാറ്റുവാൻ തീരുമാനിച്ചതിൻ പ്രകാരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും അതുകൊണ്ട് നിലവിലുണ്ടായിരുന്ന കടങ്ങൾ തീർക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവ് ഇനത്തിൽ പ്രതിദിനം 2 കോടിയോളം രൂപയുടെ കുറവ് വന്നിട്ടുണ്ട്. ആയതിനാൽ പ്രതിമാസം ശമ്പളം കൃത്യമായി നൽകാൻ കഴിഞ്ഞു വരുന്നു. ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചു വരുന്നു.<br>കൂടാതെ, സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്.<br>സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈകൊണ്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ എത്ര കോടി രൂപയുടെ കെ.റ്റി.ഡി.എഫ്.സി. വായ്പയാണുള്ളത്; ഒരു വർഷം ഈയിനത്തിൽ നൽകേണ്ടിവരുന്ന പലിശ എത്രയെന്ന് വിശദമാക്കുമോ; ഈ തുക അടച്ച് തീർത്തശേഷം വായ്പ എടുക്കുന്നപക്ഷം നേരിയ നിരക്കിൽ പലിശയുള്ള ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; വിശദവിവരം നൽകുമോ? | (ബി) | കൺസോർഷ്യം ബാങ്കുകൾ മുഖേനയുള്ള വായ്പ പുനഃസംഘടനയ്ക്ക് മുമ്പായി കെ.റ്റി.ഡി.എഫ്.സി.ക്ക് വായ്പ ഇനത്തിൽ 1221 കോടി രൂപ കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കാൻ ഉണ്ടായിരുന്നു. ആയതിൽ നിന്ന് 1100 കോടി രൂപ കൺസോർഷ്യം ബാങ്കുകൾ മുഖേന തിരിച്ചടവ് കാലാവധി കൂടിയ വായ്പയാക്കി മാറ്റിയിരുന്നു. പിന്നീട് ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് പുതിയ ബാങ്ക് (ലക്ഷ്മി വിലാസ് ബാങ്ക്) ചേരുകയും 150 കോടി രൂപ അനുവദിക്കുകയും ചെയ്തതിനെ തുടർന്ന് കൺസോർഷ്യത്തിലെ കെ.റ്റി.ഡി.എഫ്.സി.യുടെ പങ്ക് 950 കോടി രൂപയായി കുറഞ്ഞു. കൺസോർഷ്യം വായ്പയായി മാറ്റിയ തുക കിഴിച്ചുള്ള ബാക്കി തുകയായ 121 കോടി രൂപ കൂടി കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.യ്ക്ക് തിരിച്ചടയ്ക്കാൻ ഉണ്ട്.<br><br>നിലവിലെ 950 കോടി രൂപ വായ്പയ്ക്ക് 20 വർഷമാണ് തിരിച്ചടവ് കാലാവധി. ടി വായ്പ 11.82% പലിശയ്ക്കാണ് കെ.റ്റി.ഡി.എഫ്.സി അനുവദിച്ചിട്ടുള്ളത്. എന്നാൽ കൺസോർഷ്യം ബാങ്ക് വായ്പയുടെ ഏകീകൃത പലിശ നിരക്ക് 9.2% ആണ്. ആയതിനാൽ 11.82%, 9.2% എന്നീ പലിശ നിരക്കുകൾ തമ്മിലുള്ള വ്യത്യാസം മൂലമുള്ള അധിക തുക സർക്കാർ കെ.റ്റി.ഡി.എഫ്.സി.ക്ക് നൽകും. ഫലത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് 9.2% പലിശ നിരക്ക് മാത്രമാണ് നൽകേണ്ടി വരുന്നത്. 950 കോടി രൂപ വായ്പയുടെ 20 വർഷത്തേയ്ക്കുള്ള തിരിച്ചടവ് തുകയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.<br><br>ഇത് കൂടാതെ കൺസോർഷ്യം ബാങ്ക് മുഖേനയുള്ള വായ്പ പുനഃസംഘടനയുടെ ഭാഗമായി, കെ.എസ്.ആർ.ടി.സി.യ്ക്ക് മറ്റു പല ധനകാര്യ സ്ഥാപനങ്ങളിലും ഉണ്ടായിരുന്ന വായ്പ ബാധ്യതകൾ തീർക്കുന്നതിനായി 2332.37 കോടി രൂപ 12% പലിശ നിരക്കിൽ 10 ദിവസത്തേക്ക് ഹ്രസ്വകാല വായ്പയായി കെ.റ്റി.ഡി.എഫ്.സി നൽകിയിരുന്നു. ഈ ഹ്രസ്വകാല വായ്പയിൽ കെ.എസ്.ആർ.ടി.സി 2000 കോടി രൂപ തിരിച്ചടച്ചിരുന്നു. ശേഷിക്കുന്ന 332.37 കോടി രൂപ കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി. |

| | | | |
|---|---|---|---|
| | | | എഫ്.സി.ക്ക് തിരിച്ച് നൽകേണ്ടതായുണ്ട്. നിലവിലുള്ള വായ്പ പൂർണ്ണമായും അടച്ച് തീർത്തശേഷം നേരിയ നിരക്കിൽ പലിശയുള്ള വായ്പകൾക്കായി മറ്റ് ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുന്നതിന് തടസ്സങ്ങൾ ഇല്ല. |

(signature)

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**KTDFC – Repayment Schedule**

| Year | [illegible] | [illegible] (Rs. Crore) |
|---|---|---|
| 1 | Mar-2019 | 87.9047 |
| 2 | Mar-2020 | 86.1076 |
| 3 | Mar-2021 | 84.3434 |
| 4 | Mar-2022 | 82.3775 |
| 5 | Mar-2023 | 80.1925 |
| 6 | Mar-2024 | 78.2212 |
| 7 | Mar-2025 | 75.6046 |
| 8 | Mar-2026 | 72.7647 |
| 9 | Mar-2027 | 69.2699 |
| 10 | Mar-2028 | 65.2974 |
| 11 | Mar-2029 | 60.3132 |
| 12 | Mar-2030 | 55.0692 |
| 13 | Mar-2031 | 49.6073 |
| 14 | Mar-2032 | 43.8281 |
| 15 | Mar-2033 | 37.3725 |
| 16 | Mar-2034 | 30.8175 |
| 17 | Mar-2035 | 23.8267 |
| 18 | Mar-2036 | 16.2241 |
| 19 | Mar-2037 | 8.3138 |
| 20 | Mar-2038 | 1.6447 |
|  | Total | 1109.1 |

(signature)

സെക്ഷൻ ഓഫീസർ